II ഇ.ബി. XIII- കേരള നിയമസഭ/XIV-19

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ജൂലൈ 29, ബുധൻ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

51 (*601) കസ്തൂരിരംഗൻ റിപ്പോർട്ട്

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരിസ്ഥിതിലോല വില്ലേജുകളുടെ അതിർത്തി വിവരണ റിപ്പോർട്ട് 2015 ജൂലൈ 30-ന് മുമ്പ് ലഭ്യമാക്കണമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ടിട്ടുണ്ടെന്നും അന്തിമ വിജ്ഞാപനം സമയബന്ധിതമായി പുറപ്പെടുവിക്കുന്നതാണെന്നും സഭയെ അറിയിച്ചു. കസ്തൂരിരംഗൻ ശുപാർശകൾ സംബന്ധിച്ച് പഠനം നടത്തി അഭിപ്രായം

സമർപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നിയോഗിച്ച ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പരിസ്ഥിതിലോല പ്രദേശങ്ങളുടെ കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും 9993.7 ചതുരശ്ര കിലോമീറ്റർ പരിസ്ഥിതിലോല പ്രദേശമായി കണക്കാക്കുകയും ചെയ്തിട്ടുണ്ട്. ജനവാസ കേന്ദ്രങ്ങൾ, കൃഷിയിടങ്ങൾ, പ്ലാന്റേഷൻ മേഖല എന്നിവയെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുകയും നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പരിസ്ഥിതിലോല പ്രദേശങ്ങൾ ഉൾപ്പെടുന്ന വില്ലേജുകളിൽ റീസർവ്വേ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിർത്തി വിവരണ റിപ്പോർട്ട് ഉൾപ്പെടെയുള്ള കാര്യങ്ങൾ പൂർത്തീകരിച്ച ഏക സംസ്ഥാനം കേരളമാണ്. കേരളത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങൾ സംബന്ധിച്ച് അന്തിമ വിജ്ഞാപനം പുറത്തിറക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഗ്രീൻ ബെഞ്ച് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി തയ്യാറാക്കിയ പരിസ്ഥിതിലോല വില്ലേജുകളുടെ അതിർത്തി വിവരണ റിപ്പോർട്ട് കഡസ്ട്രൽ മാപ്പ് സഹിതം ഇന്നുതന്നെ കേന്ദ്ര വനം-പരിസ്ഥിതി

മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണെന്ന് വെവ്വേറെ ചോദ്യങ്ങളിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രിയും വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിയും വ്യക്തമാക്കി.

52 (*602) <u>ലഹരി വസ്തുക്കൾക്ക് അടിമപ്പെടുന്ന വിദ്യാർത്ഥികൾ</u>

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>) നൽകിയ മറുപടിയിൽ, വിദ്യാർത്ഥികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി വിദ്യാഭ്യാസം, ആരോഗ്യം, എക്സൈസ് വകുപ്പുകളുമായി ചേർന്ന് സ്കൂളുകളിൽ 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് ' പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്നും പദ്ധതിയുടെ രണ്ടാംഘട്ടം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും സഭയെ അറിയിച്ചു. ലഹരി വസ്തുക്കളുടെ വിൽപ്പനയിലൂടെ ലഭിക്കുന്ന അമിതലാഭം, ലഹരി ഇടപാടുകൾ സംബന്ധിച്ച വിവരങ്ങൾ അധികാരികളെ അറിയിക്കുന്നതിനുള്ള വിമുഖത, മാറിവരുന്ന ജീവിത സാഹചര്യങ്ങൾ, ദൃശ്യ മാധ്യമങ്ങളുടെ സ്വാധീനം, അലോപ്പതി മരുന്നുകളുടെ വിപണനത്തിലുള്ള നിയന്ത്രണങ്ങൾ പാലിക്കാതിരിക്കൽ എന്നിവയെല്ലാം ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ട്. ലഹരി വസ്തുക്കളുടെ വിപണനം തടയുന്നതിനായി വിമാനത്താവളങ്ങളിലും

റെയിൽവേ സ്റ്റേഷനുകളിലും ദീർഘദൂര ട്രെയിനുകളിലും ഉൾപ്പെടെ റെയ്ഡുകൾ നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു. ആവശ്യമായ ഭേദഗതികൾ കൊണ്ടുവന്ന് എൻ.ഡി.പി.എസ്. ആക്ടിലെ പോരായ്മകൾ പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അംഗീകൃത മെഡിക്കൽ പ്രാക്ടീഷണറുടെ കുറിപ്പടിയില്ലാതെ മെഡിക്കൽ ഷോപ്പുകളിൽ നിന്നും സൈക്കോട്രോപിക് സബ്സ്റ്റൻസുകൾ വിതരണം ചെയ്യാൻ പാടില്ലെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങൾ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തുന്നതിന് വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ലഹരി വസ്തുക്കളും പുകയില ഉൽപ്പന്നങ്ങളും പ്രേക്ഷകരിൽ പ്രചോദനം ഉളവാകത്തക്ക രൂപത്തിൽ ചലച്ചിത്രങ്ങളിൽ ആവിഷ്ക്കരിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

**അടിയന്തര ചോദ്യം**

റോഡപകടം സംഭവിച്ചവർക്ക് അടിയന്തര ചികിത്സ

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും

വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സ നിഷേധിക്കുന്ന സ്വകാര്യ ആശുപത്രികൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുമെന്ന് കാണിച്ച് റോഡ് സുരക്ഷാ കമ്മീഷണർ കേരള പ്രൈവറ്റ് ഹോസ്പിറ്റൽ അസോസിയേഷൻ പ്രസിഡന്റിനും ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (കേരള) പ്രസിഡന്റിനും കത്ത് നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിച്ചതിന്റെ ഫലമായി റോഡപകടങ്ങൾ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. റോഡപകടങ്ങളിൽപ്പെടുന്നവർക്ക് സൗജന്യ ചികിത്സാ സംവിധാനം ഏർപ്പെടുത്തുമെന്ന കേന്ദ്ര ഗവൺമെന്റിന്റെ പ്രഖ്യാപിത നയം നിലവിൽ വരുന്നമുറയ്ക്ക് ഇക്കാര്യത്തിൽ കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 5579 മുതൽ 5804 വരെയുള്ള ചോദ്യങ്ങളിൽ 76 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *